കേരളസർവകലാശാല
*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 119/2025** **തിരുവനന്തപുരം, തീയതി: 03.06.2025**

# പത്രക്കുറിപ്പ്

## നാല് വർഷ ബിരുദ പ്രവേശന പരീക്ഷ 2025 ജൂൺ 8 ന്

കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലെ നാല് വർഷ ബിരുദത്തിനുള്ള പ്രവേശന പരീക്ഷ 2025 ജൂൺ 8 ന് നടക്കും. 16 മേജർ വിഷയങ്ങളിൽ ഒരു മണിക്കൂർ വീതമുള്ള ഒബ്ജക്റ്റീവ് ടൈപ്പ് പരീക്ഷയാണ് നടത്തുക. ഹയർ സെക്കണ്ടറി തലത്തിലുള്ള അതാത് വിഷയങ്ങളുടെ സിലബസ് ആധാരമാക്കിയായിരിക്കും ചോദ്യങ്ങൾ. ഒരു ശരിയുത്തരത്തിന് നാലു മാർക്ക് ലഭിക്കും. ഒരു തെറ്റ് ഉത്തരത്തിന് ഒരു മാർക്ക് കുറയും. പരീക്ഷയുടെ ടൈംടേബിൾ, ഹാൾടിക്കറ്റ് എന്നിവ കേരള യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ് (www.keralauniversity.ac.in). വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക email: cssfyughelp2025@gmail.com, Phone: 0471-2308328, Mobile: 9188524612.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ ഒന്ന്, മൂന്ന് സെമസ്റ്റർ പഞ്ചവർഷ എംബിഎ (ഇന്റഗ്രേറ്റഡ്) (2022, 2015 സ്കീം – റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന അവസാന തീയതി 2025 ജൂൺ 9. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2024 ആഗസ്റ്റിൽ നടത്തിയ ആറാം സെമസ്റ്റർ എംടെക് (2008 സ്കീം – മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽഎൽബി (2020 സ്കീം - റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020, 2021 അഡ്മിഷൻ) (2011 സ്കീം – സപ്ലിമെന്ററി – 2018, 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2012, 2015 & 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ജൂൺ 12 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (352), ട്രാവൽ ആന്റ് ടൂറിസം (357) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ജൂൺ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബികോം കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ്, ബികോം കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, ബിബിഎ (റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020 - 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 - 2019 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ജൂൺ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ഇലക്ഷൻ പ്രമാണിച്ച് മൂല്യനിർണ്ണയ ക്യാമ്പുകൾ പ്രവർത്തിക്കുന്നതല്ല

കേരളസർവകലാശാലയുടെ അക്കാദമിക് കൗൺസിൽ ഇലക്ഷൻ പ്രമാണിച്ച് 2025 ജൂൺ 4 ന് സർവകലാശാലയുടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പന്തളം എന്നിവിടങ്ങളിൽ നടക്കുന്ന മൂല്യനിർണ്ണയ ക്യാമ്പുകൾ പ്രവർത്തിക്കുന്നതല്ല.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എംഎ/എംഎസ്‌സി/എംകോം/ എംഎസ്ഡബ്ല്യൂ/എംഎംസിജെ/എംഎച്ച്ആർഎം/എംറ്റിറ്റിഎം (റെഗുലർ, സപ്ലിമെന്ററി – 2021 - 2023 അഡ്മിഷൻ) ജൂൺ 2025 പരീക്ഷ രജിസ്ട്രേഷൻ 2025 ജൂൺ 4 മുതൽ ആരംഭിക്കുന്നു. പിഴകൂടാതെ 2025 ജൂൺ 10 വരെയും 150/- രൂപ പിഴയോടെ ജൂൺ 13 വരെയും 400/- രൂപ പിഴയോടെ ജൂൺ 16 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എംസിഎ (2020 സ്കീം - റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 & 2022 അഡ്മിഷൻ) പ്രോജക്ട് വർക്ക് ആന്റ് കോമ്പ്രിഹെൻസീവ് കോഴ്സ് വൈവ ജൂലൈ 2025 പരീക്ഷ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് കോഴ്സിലേക്ക് അപേക്ഷിക്കുവാനുള്ള തീയതി ദീർഘിപ്പിച്ചിരിക്കുന്നു

കേരളസർവകലാശാല അറബിക് വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (online) പതിനഞ്ചാമത് ബാച്ചിലേക്ക് അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 2025 ജൂൺ 15 വരെ നീട്ടിയിരിക്കുന്നു. യോഗ്യത: പ്ലസ് ടു/ തത്തുല്യം, ഫീസ്: 6,500/-, സീറ്റുകൾ: 15. അപേക്ഷാഫോം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.arabicku.in) ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 0471-2308846/9562722485 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്) ൽ നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ബിരുദമാണ് അപേക്ഷകരുടെ മിനിമം യോഗ്യത. അപേക്ഷാഫോമിന്റെ വില 100/- രൂപ, കോഴ്സ് ഫീസ് 16,500/- രൂപ, അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2025 ജൂൺ 30. ശ്രീകാര്യത്തുള്ള ലൊയോള കോളേജ് ഓഫീസിൽ നിന്നും അപേക്ഷാഫോം ലഭിക്കുന്നതാണ്. ഫോൺ: 0471-2592059, 2591018.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |